പ്രഖ്യാപിച്ചതുകൊണ്ടുള്ള ഏറ്റവും വലിയ ഗുണം താങ്ങുവില അതാതു സീസണിൽ പ്രഖ്യാപിക്കുക എന്നത് ഇൻഡ്യാ ഗവൺമെൻറ് ബാധ്യതയായി ഏറ്റെടുത്തു എന്നുള്ളതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അദ്ദേഹം ഒരു കാസ്റ്റ്യൻ ചോദിച്ചതല്ല; ഒരു സ്റ്റേറ്റ്മെൻറുപോലെയാണ് അദ്ദേഹം പറഞ്ഞത്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

*4 [110] ശ്രീ. ഒ. ഭരതൻ:
,, ടി. ശിവദാസ മേനോൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ ഇപ്പോഴത്തെ രൂക്ഷമായ പവർകട്ടിനും ലോഡ് ഷെഡിംഗിനും ഇടയാക്കിയതെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) മുല്ലപ്പെരിയാർ ഡാമിൻെറ സംഭരണശേഷി സംബന്ധിച്ച് കനേഡിയൻ വിദഗ്ദ്ധർ എന്തെങ്കിലും മുന്നറിയിപ്പ് വൈദ്യുതി ബോർഡിനു നൽകിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇതു സംബന്ധിച്ചുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രവാർത്ത അടിസ്ഥാനരഹിതമായതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(സി) നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലവിതാനം 136 അടിയിൽ നിന്നും ഉയർന്നാൽ ബലക്ഷയം ബാധിച്ച് മുല്ലപ്പെരിയാർ ഡാമിനു അപകടമുണ്ടാവാൻ സാദ്ധ്യതയുണ്ടെന്നും അങ്ങനെ സംഭവിച്ചാൽ അത് ഇടുക്കി ജലസംഭരണിക്കും ഡാമിനും ഭീഷണി ആയിരിക്കുമെന്നുമാണ് മുന്നറിയിപ്പ് നൽകിയിരുന്നത്.

(ഡി) മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം 136 അടിക്കുമേൽ ഉയരുന്നുണ്ടോ എന്ന കാര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നുണ്ട്. ജല സംഭരണിയുടെ ശക്തിപ്പെടുത്തൽ ജോലികൾ തമിഴ്നാട് ഗവൺമെൻറ് നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിൻെറ സംഭരണ ശേഷിയെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly